# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2539 — 09/03/2017-ൽ മറുപടിയ്ക്ക്.

### ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എ.പി.അനിൽ കുമാർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ.വി.ടി. ബൽറാം | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തെല്ലാം നൂതനപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനക്ഷമതയുള്ള സങ്കരയിനം കറവപ്പശുക്കളെ ക്ഷീരകർഷകർക്ക് എം.എസ്.ഡി.പി (മിൽക്ക്ഷെഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം) പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ട്. ഒരു പശു, 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി വീതമുള്ള ഡെയറി യൂണിറ്റുകൾക്ക് ക്ഷീരകർഷകർക്ക് സഹായം നൽകുന്നു.<br>ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് 1 രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. ഡിപ്പാർട്ട്മെന്റ് സബ്സിഡിയ്ക്ക് പുറമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന 1 ലിറ്റർ പാലിന് 3/- രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതിയും നിലവിലുണ്ട്.<br><br>2017-18 വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 50 ബ്ലോക്കുകളിൽ സമഗ്ര ക്ഷീരവികസന പദ്ധതിയിലൂടെയും 5 ഗ്രാമ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതിയിലൂടെയും ഉല്പാദനക്ഷമത കൂടിയ മേൽത്തരം കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>തരിശായിക്കിടക്കുന്ന സർക്കാർ, പൊതുമേഖല, സ്വകാര്യഭൂമി കണ്ടെത്തി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ ; | (ബി) | ക്ഷീരോല്പാദന രംഗത്തേയ്ക്ക് കൂടുതൽ കർഷകരെ കൊണ്ടുവരുന്നതിന് സാങ്കേതിക വിദ്യകളും ഈ രംഗത്തുള്ള നൂതന പ്രവണതകളും കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് നിലവിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങളെ സംരംഭകത്വ പ്രോത്സാഹന പരിശീലനകേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും അതിലൂടെ പാലിൽ നിന്നും വൈവിധ്യമാർന്ന ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും പരിശീലനത്തിനും വിപണനസൗകര്യത്തിനുമുള്ള സഹായങ്ങൾ ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ക്ഷീരകർഷകവൃത്തി കാർഷിവൃത്തിയായി പരിഗണിച്ച് മറ്റ് കർഷകർക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും ക്ഷീരകർഷകർക്കും ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. |
| (സി) | നിലവിൽ എന്തെല്ലാം പദ്ധതികളാണ് ക്ഷീരോല്പാദന വികസനത്തിനായി പ്രയോജനപ്പെടുത്തുന്നത്? | (സി) | ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽകൃഷി വികസനപദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ, അവശത പെൻഷൻ, വിവാഹധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. |

പാൽ ഉൽപാദനത്തിൽ
സ്വയംപര്യാപ്തത ലക്ഷ്യമാക്കുന്നതിനു
വേണ്ടി മിൽമയുടെ മേഖല
യൂണിയനുകൾ താഴെപ്പറയുന്ന
പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**മലബാർ മേഖലാ യൂണിയൻ**

1. കിടാരി സംരക്ഷണ പദ്ധതി

2 .നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.

3.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്തു.

4.പച്ചപ്പുല്ല്, മറ്റു ഉൽപാദനോപാധികൾ മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്നു.

5. "ഫാം സപ്പോർട്ട് " വഴി ഡയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

6. കേന്ദ്ര പദ്ധതികളായ എൻഡിപി, (നാഷണൽ ഡയറി പ്ലാൻ) എൻപിഡിഡിബിബി (നാഷണൽ പ്രോഗ്രാം ഫോർ ബോവൈൻ ബ്രീഡിംഗ് ആന്റ് ഡയറി ഡവല്പ് മെന്റ്), ആർകെവിവൈ(രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതികൾ വഴി ക്ഷീരോൽപാദന വർദ്ധനവിനും, വർദ്ധിച്ചുവരുന്ന പാൽ ശീതികരിക്കുന്നതിനും ,സംസ്കരിക്കു-ന്നതിനും, മൂല്യ വർദ്ധിത ക്ഷീര ഉൽപ്പന്നങ്ങൾ ആക്കുന്നതിനും സംവിധാനങ്ങൾ സൃഷ്ടിച്ചുകൊണ്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

7. ക്ഷീരകർഷകർക്കും കന്നുകാലികൾക്കും കുറഞ്ഞ നിരക്കിൽ ഇൻഷുറൻസ് പരിരക്ഷയും നൽകി വരുന്നു.

**തിരുവനന്തപുരം മേഖലാ യൂണിയൻ**

1.കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
2. മിനി ഡയറി പദ്ധതി
3. കാലിത്തൊഴുത്ത് നവീകരണം

4.ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5. സംഘം ഭരണസമിതി
അംഗങ്ങൾക്കുള്ള ഓറിയന്റേഷൻ
6. അകിടുരോഗ നിർമ്മാർജനം
7. ക്ഷീരസംഘം ജീവനക്കാർക്കായുള്ള
ഇൻസെന്റീവ്

**എറണാകുളം മേഖലാ യൂണിയൻ**

1. ലിറ്ററിന് രണ്ട് രൂപ വരെ ഉൽപാദകർക്ക് വേനൽക്കാല ഇൻസെന്റീവ് നൽകുന്നുണ്ട്.
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ, സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ് നൽകുന്നുണ്ട്.
3 . ബാങ്ക് വായ്പ എടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2000/- രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി നൽകുന്നുണ്ട്.
4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യിട്ടുണ്ട്.
5. കുറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ചു കൊടുക്കുന്നു.
6. ഡെയറിഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം നൽകുന്നുണ്ട്
7. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവപശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതിബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ.